സ്റ്റാൻഡേർഡ് – X

# കേരളപാഠാവലി

# ആമുഖം

കൊല്ലം ജില്ലാ പഞ്ചായത്തും പൊതുവിദ്യാഭ്യാസ വകുപ്പും കൊല്ലം ഡയറ്റിന്റെ അക്കാദമിക പിന്തുണയോടെ പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള പഠനസാമഗ്രിയാണ് **'ഉജ്ജ്വലം'**. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കൊല്ലം ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കി പരീക്ഷാഫലം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോവിഡ് കാലഘട്ടത്തിൽ സ്വാഭാവിക ക്ലാസ്സന്തരീക്ഷം സാധ്യമല്ലാതിരുന്ന സാഹചര്യത്തിലുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനും വേണ്ടി നൂതന സാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ തയ്യാറാക്കിയ പഠനസാമഗ്രിയാണിത്. കഴിഞ്ഞ വിദ്യാലയ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 'A+' കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉജ്ജ്വലത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ പഠനസഹായി ഉപയോഗിച്ചുകൊണ്ട് 60% പരീക്ഷാചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് കഴിഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷയെ സ്വാഭാവിക സന്ദർഭത്തിൽ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന വിധത്തിലാണ് ഇതിലെ ഓരോ യൂണിറ്റും ക്രമീകരിച്ചിരിക്കുന്നത്. ഒപ്പം മാതൃകാചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സ്വന്തമായും അദ്ധ്യാപകരുടെ ഇടപെടലോടെയും പഠനം ഉറപ്പാക്കുന്ന രീതിയിലാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ക്ലാസ്റൂം പഠന പ്രവർത്തനങ്ങളോടൊപ്പം സ്വാഭാവിക സന്ദർഭം കൂടി ഒരുക്കി കുട്ടികളെ ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ പ്രാപ്തരാക്കുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. **'ഉജ്ജ്വലം'** പഠനസാമഗ്രി പരമാവധി പ്രയോജനപ്പെടുത്തി പ്രതിജ്ഞാബദ്ധതയോടുകൂടി അക്കാദമിക പ്രവർത്തനങ്ങളിലേർപ്പെട്ട് ജില്ലയിലെ എസ്.എസ്.എൽ.സി വിജയം 100% ഉറപ്പാക്കുന്നതിന് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.

വിജയാശംസകളോടെ...

**സാം കെ. ഡാനിയേൽ**
പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്

**ഡോ. പി.കെ. ഗോപൻ**
ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി,
ജില്ലാ പഞ്ചായത്ത്, കൊല്ലം.

**ലാൽ കെ.ഐ**
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

**ഡോ. എസ്. ഷീജ**
പ്രിൻസിപ്പാൾ - ഇൻ - ചാർജ്, ഡയറ്റ്, കൊല്ലം.

# തയ്യാറാക്കിയവർ

1. **ജോസ് തങ്കച്ചൻ**
   എച്ച്. എസ്. റ്റി., സെന്റ് ഗൊരേറ്റി എച്ച്. എസ്. പുനലൂർ.

2. **സുരേഷ് ബാബു. എസ്**
   എച്ച്. എസ്. റ്റി., ഗവ: എച്ച്. എസ്. എസ്. അഞ്ചാലുംമൂട്.

3. **വിവേകാനന്ദൻ. ജി**
   എച്ച്.എസ്.റ്റി., ആർ. വി. വി. എച്ച്. എസ്. എസ്., വാളകം

4. **ശൂരനാട് രാജേന്ദ്രൻ**
   എച്ച്. എസ്. റ്റി., ഗവ: ഹയർ സെക്കന്ററി സ്കൂൾ, ശൂരനാട്.

5. **ശാന്തി ജി. പി.**
   എച്ച്. എസ്. റ്റി., മൗണ്ട് താബോർ എച്ച്. എസ്. പത്തനാപുരം.

## സൂക്ഷ്മപരിശോധന

**ജി. എസ്. ദിലീപ്കുമാർ**
സീനിയർ ലക്ചറർ, ഡയറ്റ് കൊല്ലം.

# ഉള്ളടക്കം

യൂണിറ്റ് – I **കാലാതീതം കാവ്യവിസ്മയം**

1. ലക്ഷ്മണസാന്ത്വനം
2. ഋതുയോഗം
3. പാവങ്ങൾ

യൂണിറ്റ് – II **അനുഭൂതികൾ ആവിഷ്കാരങ്ങൾ**

1. വിശ്വരൂപം
2. പ്രിയദർശനം
3. കടൽത്തീരത്ത്

യൂണിറ്റ് – III **സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ**

1. പ്രലോഭനം
2. യുദ്ധത്തിന്റെ പരിണാമം
3. ആത്മാവിന്റെ വെളിപാടുകൾ

യൂണിറ്റ് – IV **വാക്കുകൾ സർഗ്ഗതാളങ്ങൾ**

1. അക്കർമാശി
2. ഞാൻ കഥാകാരനായ കഥ
3. അശ്വമേധം

യൂണിറ്റ് – V **കലകൾ കാവ്യങ്ങൾ**

1. ഉരുളക്കിഴങ്ങ് തിന്നുന്നവർ
2. മൈക്കലാഞ്ജലോ മാപ്പ്

# യൂണിറ്റ് - I
# കാലാതീതം കാവ്യവിസ്മയം

സാഹിത്യം കാലദേശങ്ങൾക്കതീതമാണ്. അവ എല്ലാകാലങ്ങളിലും എല്ലാ ദേശങ്ങളിലും എല്ലാ മാനവസമൂഹങ്ങളെയും ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്നു. കാലദേശങ്ങൾക്കതീതമായ മനോഹരവും ഉദാത്തവുമായ ചില രചനകളെയാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിക്കുന്നത്.

മൂന്നു പാഠങ്ങളാണ് യൂണിറ്റിൽ ഉൾപ്പെടുന്നത്. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട് അയോധ്യകാണ്ഡത്തിൽ നിന്നെടുത്ത 'ലക്ഷ്മണസാന്ത്വനം' എന്ന കാവ്യമാണ് ആദ്യത്തേത്. ശ്രീരാമപട്ടാഭിഷേകം തടസ്സപ്പെട്ടതറിഞ്ഞ് കുപിതനാകുന്ന ലക്ഷമണനെ അനുനയിപ്പിക്കാൻ ശ്രമിക്കുന്ന ശ്രീരാമൻ നൽകുന്ന ഉപദേശമാണ് പാഠസന്ദർഭം. എ.ആർ രാജരാജവർമ്മയുടെ മലയാള ശാകുന്തളം നാടകത്തിലെ ഒരു ഭാഗമാണ് 'ഋതുയോഗം' എന്ന പാഠസന്ദർഭം. ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങി വരുന്ന ദുഷ്ഷന്തൻ കശ്യപാശ്രമത്തിലെത്തുന്നതും അവിടെവച്ച് അപ്രതീക്ഷിതമായി ശകുന്തളയെയും പുത്രനെയും കണ്ടുമുട്ടുന്നതാണ് പാഠഭാഗം. വളരെക്കാലം വേർപിരിഞ്ഞു കഴിഞ്ഞവർ കൂടിച്ചേരുന്ന ശുഭനിമിഷങ്ങളാണ് ഈ നാടകഭാഗത്ത് ആവിഷ്ക്കരിക്കുന്നത്. നാലപ്പാട്ട് നാരായണ മേനോൻ വിവർത്തനം ചെയ്ത വിക്ടർ ഹ്യൂഗോയുടെ നോവൽ ഭാഗമാണ് 'പാവങ്ങൾ' എന്ന പാഠഭാഗം. തന്റെ സഹോദരിയുടെയും ഏഴുമക്കളുടെയും വിശപ്പകറ്റുന്നതിനുവേണ്ടി ബേക്കറിയിൽ നിന്നും റൊട്ടി മോഷ്ടിച്ച കുറ്റത്തിന് ജയിൽ ശിക്ഷ അനുഭവിക്കുകയും നീണ്ട ജയിൽവാസത്തിനുശേഷം മോചിതനാവുകയും ചെയ്യുന്ന ഴാങ്വാ ഴാങ്ങിന് ആരും അഭയം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു മെത്രാൻ സ്നേഹത്തോടെ അഭയം നൽകുന്നതാണ് പാഠസന്ദർഭം.

# പാഠം -1

# ലക്ഷ്മണ-സാന്ത്വനം

### എഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോധ്യകാണ്ഡത്തിലെ ഭാഗമാണ് ലക്ഷ്മണ-സാന്ത്വനം.

അയോധ്യയിലെ രാജാവായ ദശരഥൻ തന്റെ മകനായ ശ്രീരാമനെ യുവരാജാവായ് അഭിഷേകം ചെയ്യാൻ തീരുമാനിച്ചു. ഇതറിഞ്ഞ് ദശരഥന്റെ മറ്റൊരു പത്നിയായ കൈകേയ് തനിക്ക് ദശരഥ മഹാരാജാവ് വാഗ്ദാനം ചെയ്ത വരം ചോദിച്ചുകൊണ്ട് സമീപിക്കുന്നു. തന്റെ മകൻ ഭരതനെ യുവരാജാവായി വാഴിക്കണമെന്നും ആവശ്യപ്പെട്ടു. കൈകേയിയുടെ നിർബന്ധത്തിനു വഴങ്ങി ദശരഥ മഹാരാജാവിന് രാമാഭിഷേകം മാറ്റി വയ്ക്കേണ്ടിവന്നു.

അഭിഷേകം തടസ്സപ്പെട്ടതറിഞ്ഞ് കുപിതനായി മാറിയ ലക്ഷ്മണൻ എന്തു വിലകൊടുത്തും അഭിഷേകം നടത്തും എന്ന് തീരുമാനിക്കുന്നു. ഈയവസരത്തിൽ വാത്സല്യം തുളുമ്പുന്ന സംബോധനകൾ കൊണ്ടും തത്ത്വോപദേശങ്ങൾകൊണ്ടും രാമൻ ലക്ഷ്മണനെ സ്വാന്ത്വനിപ്പിക്കുന്നതാണ് പാഠഭാഗം. മനുഷ്യശരീരത്തിന്റെ ക്ഷണികതയും നിസ്സാരതയും ഉചിതമായ ഉദാഹരണങ്ങളിലൂടെ രാമൻ, ലക്ഷ്മണന് ബോധ്യപ്പെടുത്ത് കൊടുക്കുന്നു.

# കാവ്യഭാഗത്തെ പ്രധാനാശയങ്ങൾ

- രാജ്യം, ദേഹം, ധാന്യം, ധനം, സുഖഭോഗങ്ങൾ എന്നിവയെല്ലാം ക്ഷണികമാണ്.
- സുഖഭോഗങ്ങൾക്ക് പിന്നാലെ പായുന്ന മനുഷ്യന് കുടുംബജീവിതവും ഐശ്വര്യവും യൗവ്വനവും. ആയുസ്സും അസ്ഥിരമാണ്.
- ദേഹത്തെക്കുറിച്ചുള്ള അഭിമാനമാണ് മനുഷ്യനെ അഹങ്കാരിയാക്കുന്നത്.
- ദേഹത്തെക്കുറിച്ചുള്ള അഭിമാനത്തിന് കാരണം അജ്ഞാനമാണ്.
- ഞാൻ ദേഹമല്ല; ആത്മാവാണെന്ന ബോധമാണ് മോഹത്തെ ഇല്ലാതാക്കുന്ന വിദ്യ.
- ജീവിത ദുഃഖങ്ങൾക്ക് കാരണം അവിദ്യയും ജീവിതദുഃഖത്തെ നശിപ്പിക്കുന്നത് വിദ്യയുമാണ്.
- ക്രോധം സർവ്വനാശത്തിന് കാരണമാകുന്നു. ക്രോധം ദുഃഖത്തിന് കാരണമാകുന്നു.

**പ്രവർത്തനം I** **(1 മാർക്ക്)**

1. സംസാരനാശിനിയായി എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത് എന്തിനെ?
   - വിദ്യ
   - മോക്ഷം
   - അവിദ്യ
   - മോഹം

2. “പാന്ഥർ പെരുവഴിയമ്പലം തന്നിലേ
   താന്തരായ്കൂടി വിയോഗം വരുമ്പോലെ”
   അടിവരയിട്ട് പദത്തിന്റെ അർത്ഥം എന്ത്?
   - ക്ഷീണിതർ
   - ദുഃഖിതർ
   - വഴിയാത്രക്കാർ

3. മാതൃകപോലെ എഴുതുക.

മാതൃക-മർത്യജന്മം-മർത്യന്റെ ജന്മം

കാലാഹി............

4. കാമം, ക്രോധം, ലോഭം, മോഹം എന്നീ പദങ്ങൾ ചേർന്നാണ് കാമക്രോധമോഹാദികൾ എന്ന പദം രൂപപ്പെട്ടത്. ഇതുപോലെ മാതാപിതൃഭ്രാതൃമിത്രസഖികൾ എന്ന പദക്കൂട്ടിലെ ഘടകപദങ്ങൾ കണ്ടെത്തിയെഴുതുക.

5. "വഹ്നി സന്തപ്തലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം"- ഈ വരികളുടെ
ആശയവുമായി സാമ്യമുള്ള വരികൾ എടുത്തെഴുതുക.

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
  കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം
- ഓർത്തിരിയാതെ പാടുപെടുന്നേരം
  നേർത്തുപോകുമതെന്നേ പറയാവൂ
- നദ്യാമൊഴുകുന്ന കാഷ്ടങ്ങൾ പോലെയു-
  മെത്രയും ചഞ്ചലമാലയ സംഗമം
- കാലാഹിനാ പരിഗ്രസ്തമാം ലോകവു-
  മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു.

## പ്രവർത്തനം II (2 മാർക്ക്)

1. "വത്സ സൗമിത്രേ, കുമാര! നീ കേൾക്കണം"
-ലക്ഷ്മണനെ ഈ വിധം സംബോധന ചെയ്യുന്നിലെ ഔചിത്യം വിശദീകരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- ബന്ധങ്ങളുടെ തീക്ഷ്ണത ഓർമ്മിപ്പിക്കുന്നു.
- ക്ഷുഭിതനായിരിക്കുന്ന ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ ഈ വാക്കുകൾക്ക് കഴിയും.

2. "ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു"
വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- പാമ്പിന്റെ വായിലകപ്പെട്ട തവളയുടെ അവസ്ഥയോട് കാലത്തെയും മനുഷ്യരെയും സാദൃശ്യപ്പെടുത്തുന്നു.
- മരണം മുന്നിലുള്ളപ്പോഴും ജീവിതത്തോടുള്ള ആസക്തി മാറുന്നില്ല.

3. "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു
മെത്രയും ചഞ്ചലമാലയ സംഗമം"
"ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം"
അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക?

◆ **ഉത്തര സൂചന**

ആദ്യത്തെ ഈരടിയിൽ മരക്കഷണങ്ങൾ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. രണ്ടാമത്തെ ഈരടിയിൽ ജന്തുക്കളുടെ വിസർജ്യം എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

## പ്രവർത്തനം III (4 മാർക്ക്)

1. "വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം"
-ഈ വരികളിലെ സാദൃശ്യകല്പനയുടെ ഭംഗി വിവരിക്കുക.

◆ **ഉത്തര സൂചന**

സാദൃശ്യ കല്പനയിലെ മനോഹാരിത

ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളിയുടെ അവസ്ഥ ക്ഷണികമായ ജീവിതത്തെ സൂചിപ്പിക്കാൻ ചുടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളിയോട് സാദൃശ്യപ്പെടുത്തുന്നു.

2. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്

നന്നല്ല ദേഹം നിമിത്തം മഹാമോഹം"

– ഈ വരികളിൽ തെളിയുന്ന ജീവിതവീക്ഷണം പാഠസന്ദർഭത്തെ മുൻനിർത്തി വിശദീകരിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക?

◆ **ഉത്തര സൂചന**

- സുഖങ്ങളെല്ലാം മിന്നൽ പോലെ മറയുന്നതാണ്.
- ഐശ്വര്യവും യൗവ്വനവും ആയുസ്സും അസ്ഥിരമാണ്.
- ജീവിതത്തിന്റെ ക്ഷണികതയെ ബോധ്യപ്പെടുത്തുന്നു
- ശരീരത്തോടുള്ള അതിമോഹം നന്നല്ല എന്ന തിരിച്ചറിവ്

**പ്രവർത്തനം - IV** **(6 മാർക്ക്)**

(1) 'ക്രോധം പരിത്യജിക്കേണം ബുധജനം'

എഴുത്തച്ഛന്റെ ഈ അഭിപ്രായത്തെ മുൻനിർത്തി എഡിറ്റോറിയൽ തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- ക്രോധം നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ
- ക്രോധം സർവ്വനാശത്തിനും ദുഃഖത്തിനും കാരണമായിത്തീരുന്നു.
- സമകാല സാഹചര്യത്തിൽ ക്രോധം കാരണമായ സംഭവങ്ങളുടെ ഓർമ്മപ്പെടുത്തൽ
- എല്ലാവരും സഹോദരന്മാരെപ്പോലെ കഴിയുന്ന ഒരു നാളെയാവണം നമ്മുടെ ലക്ഷ്യം

## എഡിറ്റോറിയൽ/മുഖപ്രസംഗം ഘടന

- തലക്കെട്ട്
- വിഷയാവതരണം
- വിഷയ വിശകലനം-സമകാല സാഹചര്യത്തെ മുൻനിർത്തി
- പരിഹാരമാർഗങ്ങൾ
- ഉപസംഹാരം

# പാഠം – 2

# ഋതുയോഗം

## എ.ആർ രാജരാജവർമ്മ

മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ അടിസ്ഥാനമാക്കി കാളിദാസൻ രചിച്ച നാടകമാണ് അഭിജ്ഞാന ശാകുന്തളം. ഈ സംസ്കൃത നാടകം 'മലയാള ശാകുന്തളം' എന്ന പേരിൽ എ.ആർ രാജരാജവർമ്മ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ഇതിലെ ഏഴാം അങ്കത്തിൽ നിന്നുള്ള ഭാഗമാണ് പാഠഭാഗം. കാത്തിരിപ്പും ക്ഷമയും വിരഹാതുരമായ ജീവിതത്തിൽ സുന്ദരാനുഭവങ്ങൾ നൽകുമെന്ന് ദുഷ്ഷന്തന്റെയും ശകുന്തളയുടെയും പുനഃസമാഗമത്തിലൂടെ കാളിദാസൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

## പാഠഭാഗത്തെ പ്രധാന ആശയങ്ങൾ

- വസന്താഗമനം ഉണ്ടാകുമ്പോൾ ജീവിതം തളിർക്കുന്നതിന്റെയും പൂക്കുന്നതിന്റെയും ആവിഷ്കാരമാണ് ഋതുയോഗം.
- ദേവാസുര യുദ്ധത്തിൽ വിജയിയായി ദേവേന്ദ്രന്റെ സാരഥിയായ മാതലിയോടൊപ്പം ഹസ്തിനപുരിയിലേക്ക് തിരിച്ചു വരുന്ന വേളയിൽ മാരീചാശ്രമത്തിലെത്തിയ ദുഷ്ഷന്തൻ വീരബാലനായ സർവ്വദമനനെ കാണുന്നു.
- സിംഹക്കുട്ടിയുടെ വായപൊളിച്ച് പല്ലെണ്ണി നോക്കുന്ന സർവ്വദമനനെ ദുഷ്ഷന്തൻ അത്ഭുതത്തോടെ നോക്കുകയും ആ ബാലനോട് രാജാവിന് പുത്രനിർവിശേഷമായ സ്നേഹം തോന്നുകയും ചെയ്യുന്നു.
- ആളിക്കത്താൻ വിറകും കാത്ത് കിടക്കുന്ന തീപ്പൊരിക്ക് സദൃശനായ ഈ ബാലൻ, തേജസ്വിയായ ഏതോ മഹാപുരുഷന്റെ പുത്രനാണെന്ന് ദുഷ്ഷന്തൻ വിചാരിക്കുന്നു.

- താപസിയുടെ കൈയിൽ നിന്നും കളിക്കോപ്പ് വാങ്ങുന്നതിനായി നീട്ടിയ സർവ്വദമനന്റെ കൈയിൽ രാജാവ് ചക്രവർത്തിലക്ഷണം കാണുന്നു.
- കൊച്ചുപല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് അവ്യക്തവും മധുരവുമായ വാക്കുകൾ കൊഞ്ചുന്ന കുഞ്ഞുങ്ങളെ മടിയിൽ കയറ്റിയിരുത്തുമ്പോൾ അവരുടെ പൂപോലുള്ളമേനിയിലെ അഴുക്ക് പുരളുന്നത് മാതാപിതാക്കൾക്ക് ആനന്ദം പകരുന്നതായും അവർ പുണ്യം ചെയ്തവരായും രാജാവ് ഓർക്കുന്നു. തനിക്ക് ആ ഭാഗ്യം ഇല്ലല്ലോ എന്നോർത്ത് രാജാവ് വ്യസനിക്കുകയും ചെയ്യുന്നു.
- 'ശുദ്ധവും സൗമ്യവുമായ ചന്ദനമരത്തെ ചെറുപാമ്പ് ദുഷിപ്പിക്കുന്നതുപോലെ കുസൃതികൾ കാണിച്ച നീ മഹർഷി വംശത്തെ ദുഷിപ്പിക്കരുത്' എന്നുപറയുന്നതിലൂടെ രാജാവ് സർവ്വദമനനെ ഋഷികുമാരനായി തെറ്റിദ്ധരിക്കുന്നു. എന്നാൽ ഇതുകേട്ട താപസ് അവൻ ഋഷികുമാരനല്ല എന്നു വിളിച്ചുപറയുന്നു.
- ഏതോ ഗോത്രത്തിൽ പിറന്ന ഇവനെ സ്പർശിച്ചപ്പോൾ തന്റെ ശരീരത്തിന് ഇത്ര സുഖം ലഭിക്കുന്നുവെങ്കിൽ ഇവനെ സ്നേഹത്തോടെ ആലിംഗനം ചെയ്യുന്ന ഇവന്റെ പിതാവിന് എത്രമാത്രം നിർവൃതിയാകും ഉണ്ടാവുക എന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നു.
- തന്റെ വംശമായ പുരുവംശത്തിലാണ് ഇവന്റെയും ജനനം എന്ന് താപസിയിൽ നിന്നുമറിഞ്ഞ രാജാവ് തനിക്കും ബാലനും ഒരേ ഛായയുണ്ടെന്ന് താപസിക്ക് തോന്നിയത് അതുകൊണ്ടാവാം എന്ന് കരുതുന്നു.
- 'ഈ ശകുന്തലാസ്യം എത്ര മനോഹരമാണെന്നോ' എന്നു പറഞ്ഞു മണ്ണുകൊണ്ട് നിർമ്മിച്ച മയിലിനെയും കൊണ്ട് സർവ്വദമനനരികിലെത്തിയ താപസിയോട് 'അമ്മ ഇവിടെ ഇല്ലല്ലോ' എന്ന് ബാലൻ പറയുന്നു. അമ്മയുടെ പേര് ശകുന്തള എന്ന് കേട്ടപ്പോൾ രാജാവിന് കാര്യങ്ങൾ വ്യക്തമാകുന്നു.
- ബാലന്റെ കൈയിൽ നിന്നും താഴെ വീണുപോയ അപരാജിത എന്ന രക്ഷ രാജാവ് അവന് കെട്ടിക്കൊടുക്കുന്നു. ബാലൻ തന്റെ മകനാണെന്ന് മനസ്സിലാക്കുന്ന ദുഷ്ഷന്തൻ സർവ്വദമനനോടൊപ്പം ശകുന്തളയുടെ അടുത്തെത്തുകയും തന്റെ മുദ്രമോതിരം

ശകുന്തളയ്ക്ക് അണിയാൻ നല്കുകയും ചെയ്യുന്നു. മുമ്പ് മുദ്രമോതിരം തനിക്ക് ഉപകാരപ്പെടാതെ പോയതിനാൽ ശകുന്തള സ്നേഹപൂർവ്വം അത് നിരസിക്കുന്നു.

- ദുർവ്വാസാവിന്റെ ശാപത്തിന്റെ ഫലമായിട്ടാണെങ്കിലും താൻമൂലം ശകുന്തളയ്ക്കുണ്ടായ അപമാനത്തിന്റെയും സങ്കടങ്ങളുടെയും പേരിൽ ദുഷ്ഷന്തൻ ശകുന്തളയുടെ കാലിൽ വീണ് മാപ്പിരക്കുന്നു.
- തുടർന്ന് ഇരുവരും സർവ്വദമനനോടൊപ്പം ദേവപിതാക്കളായ മാരീചനെയും അദിതിയെയും വന്ദിച്ച് അനുഗ്രഹം വാങ്ങുന്നു.

## പ്രവർത്തനം - I (1 മാർക്ക്)

1. 'വല്ലി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ'

   ഇവിടെ പരാമർശിക്കപ്പെടുന്നത് എന്താണ്?

   - പുഷ്പം
   - ഋതു
   - മോതിരം
   - സ്നേഹം

2. താഴെ കൊടുത്തിരിക്കുന്നവയിൽ 'എല്ലാറ്റിനെയും അടക്കുന്നവൻ' എന്ന് അർത്ഥം അർത്ഥം വരുന്ന പദം ഏത്?

   - പുരന്ദരസമൻ
   - സർവദമനൻ
   - അപ്രതിരഥൻ

3. മാതൃകപോലെ എഴുതുക.

   - ജനകന്റെ മകൾ - ജാനകി
   - ദക്ഷന്റെ മകൾ -

4. "ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും"

   താപസിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?

- സഹതാപം
- പരിഭവം
- ആശ്ചര്യം
- പുച്ഛം

5. മൺമയിൽ എന്ന പദം വിഗ്രഹിച്ചെഴുതിയാൽ?

- മണ്ണും മയിലും
- മണ്ണാകുന്ന മയിൽ
- മണ്ണുകൊണ്ടുള്ള മയിൽ
- മണ്ണുപോലുള്ള മയിൽ

## പ്രവർത്തനം II (2 മാർക്ക്)

1. രക്തം രക്തത്തെ തിരിച്ചറിയുന്ന രണ്ട് സന്ദർഭങ്ങൾ 'ഋതുയോഗ'ത്തിൽ നിന്ന് കണ്ടെത്തുക.

◆ **ഉത്തര സൂചന**

- കുട്ടിയോട് വാത്സല്യം തോന്നുന്ന സന്ദർഭം
- കുട്ടിയെ ചേർത്തു പിടിക്കുമ്പോൾ തോന്നുന്ന മനഃസുഖം

2. "അരുത് ഉണ്ണി ചാപല്യം കാണിക്കരുത്. ജാതിസ്വഭാവം വന്നു പോകുന്നുവല്ലോ" താപസിയുടെ ഈ വാക്കുകളിൽ സർവ്വദമനനെ സംബന്ധിച്ച സൂചനകൾ കണ്ടെത്തുക.

◆ **ഉത്തര സൂചന**

- ആശ്രമബാലനല്ല എന്ന സൂചന
- ക്ഷത്രിയവംശത്തിൽ ജനിച്ചിരിക്കുന്നു.

3. "എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി" (ഋതുയോഗം) ദുഷ്ഷന്തൻ സൂചിപ്പിക്കുന്ന 'ആശ' എന്താണ്?

◆ **ഉത്തര സൂചന**

- ശകുന്തളാസ്യം എന്ന പ്രയോഗം രാജാവിൽ ഉണർത്തിയ ചിന്ത.

- ശകുന്തള ആശ്രമത്തിൽ ഉണ്ടെന്നുള്ള പ്രതീക്ഷ.

## പ്രവർത്തനം III (4 മാർക്ക്)

1. ശകുന്തള : (മുദ്രമോതിരം നോക്കിയിട്ട്) ആര്യപുത്രാ, ഇത് ആ മോതിരമല്ലേ?

   രാജാവ് : അതേ, ഈ മോതിരം കണ്ടിട്ടാണല്ലോ എനിക്കോർമ്മ വന്നത്.

   'അഭിജ്ഞാന ശാകുന്തള'ത്തിന്റെ നാടകീയത നിലനിർത്തുന്നതിൽ മുദ്രമോതിരത്തിന്റെ സ്ഥാനമെന്ത്?

   തന്നിട്ടുള്ള സന്ദർഭങ്ങളും കഥാഗതിയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- മുദ്രമോതിരത്തിന്റെ പ്രധാന്യം
- ദുഷ്ഷന്തൻ മുദ്രമോതിരം ശകുന്തളയ്ക്ക് നൽകുന്ന സന്ദർഭം
- ദുർവ്വാസാവിന്റെ ശാപം
- മോതിരം തിരികെ കിട്ടുന്നതു മുതൽ ശകുന്തളയെ ദുഷ്ഷന്തൻ അന്വേഷിക്കുന്നത്.
- മാരീചാശ്രമത്തിൽ എത്തുന്നതും സർവ്വദമനനെയും ശകുന്തളയെയും കണ്ടെത്തുന്നതും.

## പ്രവർത്തനം III (4 മാർക്ക്)

"തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു
പരിഭവമുൾക്കൊള്ളൊലാ വല്ലഭേ നീ
വല്ലാതെന്നുള്ളമന്നാളൊരു
മലിനതയേറ്റേറെ മന്ദിച്ചിരുന്നു
കല്യാണം കൈവരുമ്പോൾ
കലുഷമതികളിമ്മട്ടിലും ചേഷ്ടകാട്ടും
മാല്യം മൂർദ്ധാവിലിട്ടാൽ പാമ്പിതെന്നോതിയന്ധൻ"

സമാന സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ദുഷ്ഷന്തന്റെ മനോഭാവം തിരിച്ചറിഞ്ഞ് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- രാജാവാണെങ്കിലും തെറ്റ് തിരിച്ചറിയുന്നു.
- മാപ്പ് പറയാൻ മടിക്കുന്നില്ല.
- പശ്ചാത്താപം
- സമാന വരികൾ കണ്ടെത്തൽ

**പ്രവർത്തനം V** **(6 മാർക്ക്)**

1. ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജനഭിന്ന വിചിത്രമാർഗമായ മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. (കാളിദാസ പഠനങ്ങൾ - ഡോ. എൻ. വി. കൃഷ്ണവാരിയർ). ഋതുയോഗം എന്ന പാഠഭാഗവുമായി ബന്ധിപ്പിച്ച് പ്രസ്താവന വിലയിരുത്തുക.

◆ **ഉത്തര സൂചന**

- ദുഷ്ഷന്തൻ ശകുന്തളയെ മറന്നു പോകുന്നതിനിടയാക്കിയ സന്ദർഭം
- വിവിധ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന ദുഷ്ഷന്തനും ശകുന്തളയും
- ശകുന്തളയെ അന്വേഷിക്കുന്ന രാജാവിന്റെ നിരാശ.
- കുട്ടിയെ കാണുമ്പോൾ രാജാവിനുണ്ടാകുന്ന പ്രതീക്ഷ
- താപസിമാർക്ക് ദുഷ്ഷന്തനെക്കുറിച്ചുള്ള കാഴ്ചപ്പാട്
- ദുഷ്ഷന്തന്റെ പശ്ചാത്താപം
- പുനഃസമാഗമത്തിൽ ശകുന്തളയ്ക്കുണ്ടാകുന്ന സന്തോഷം.

# പാഠം –3

# പാവങ്ങൾ

## വിക്ടർ ഹ്യൂഗോ

വിക്ടർ ഹ്യൂഗോയുടെ വിഖ്യാത നോവലാണ് 'ലാ മിറാബെലെ' എന്ന ഫ്രഞ്ച് നോവൽ. 'പാവങ്ങൾ' എന്ന പേരിൽ വിവർത്തനം ചെയ്ത് മലയാളികൾക്ക് സുപരിചിതമാക്കിയത് നാലപ്പാട്ട് നാരായണമേനോനാണ്. മനുഷ്യജീവിതത്തിലെ മഹാസങ്കടങ്ങളെ അടയാളപ്പെടുത്തുന്ന ഈ നോവൽ പത്തൊമ്പതാം നൂറ്റാണ്ടിലെ ഫ്രാൻസിന്റെ ചരിത്രവും വിപ്ലവവും വരച്ചു കാട്ടുന്നതോടൊപ്പം എക്കാലത്തും പാവങ്ങളായി ജീവിച്ചു മരിക്കുന്ന മനുഷ്യരുടെ മഹാസങ്കടങ്ങളും ആവിഷ്കരിക്കുന്നു. വിശന്നു വലയുന്ന സഹോദരിയുടെയും കുട്ടികളുടെയും വിശപ്പടക്കാൻ റൊട്ടി മോഷ്ടിച്ചതിന്റെ പേരിൽ പത്തൊമ്പത് വർഷം കഠിനതടവ് അനുഭവിക്കേണ്ടി വന്ന ഴാങ് വാൽ ഴാങ് എന്ന മനുഷ്യന്റെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ള യാത്രയുടെ കഥയാണ് ഈ നോവൽ. തെറ്റുകൾക്ക് ശിക്ഷനൽകുന്ന നിയമവ്യവസ്ഥയുടെ ലോകത്ത് തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥകൂട് ഉണ്ടെന്ന് ഴാങ് വാൽ ഴാങ് തിരിച്ചറിയുന്ന സന്ദർഭമാണ് പാഠഭാഗം.

## പാഠഭാഗത്തെ പ്രധാന ആശയങ്ങൾ

- പത്തൊമ്പ് വർഷത്തെ തടവ് ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങിയ ഴാങ് വാൽ ഴാങിന് ആരും അഭയം നൽകുന്നില്ല. ഈ സാഹചര്യത്തിൽ 'ഡി' പട്ടണത്തിലെ മെത്രാൻ തന്റെ അരമനയിൽ അയാൾക്ക് അഭയം നൽകുന്നു.
- അർദ്ധരാത്രിയിൽ അരമനയിൽ എല്ലാവരും ഉറക്കമായപ്പോൾ ഴാങ് വാൽ ഴാങിലെ കുറ്റവാളി തലപൊക്കുന്നു.
- അരമനയിൽ നിന്ന് വെള്ളിസാമാനങ്ങൾ മോഷ്ടിക്കാനുള്ള ശ്രമത്തിൽ വാതിലിന്റെ

തിരിക്കുറ്റികൾ വലിയ ശബ്ദമുണ്ടാക്കുകയും ആ ശബ്ദം താൻ അനുഭവിച്ച ശിക്ഷയുടെ ദുരിതകാലം ഴാങ് വാൽ ഴാങിന്റെ ഓർമ്മയിൽ കൊണ്ടുവരികയും ചെയ്യുന്നു.

- പ്രഭാതത്തിൽ വെള്ളി സാമാനത്തോടൊപ്പം പോലീസിന്റെ പിടിയിലായ ഴാങ് വാൽ ഴാങിനെ മെത്രാന്റെ അരമനയിൽ എത്തിക്കുന്നു. ആ സാധനങ്ങൾ അയാൾക്ക് ദാനമായ് നൽകിയതാണെന്നും അവിടെയുണ്ടായിരുന്ന രണ്ടുമെഴുതിരിക്കാലുകൾ കൂടി കൊണ്ടുപോകാനും മെത്രാൻ പറയുകയും അയാളോട് ക്ഷമിക്കുകയും ചെയ്യുന്നു. മെത്രാന്റെ സ്നേഹവും പരിഗണനയും ഴാങ് വാൽ ഴാങിന്റെ ജീവിതത്തിൽ വെളിച്ചം പകരുന്നു.
- 'തന്റെ ഭവനത്തിന്റെ വാതിലുകൾ എപ്പോഴും തുറന്നു കിടക്കും' എന്നു പറയുന്നതിലൂടെ തെറ്റു ചെയ്ത ഏതു വ്യക്തിയെയും തുറന്ന മനസ്സോടെ സ്വീകരിക്കാൻ കഴിയണം എന്ന വലിയ സന്ദേശമാണ് സമൂഹത്തിനു നൽകുന്നത്.

### പ്രവർത്തനം I (1 മാർക്ക്)

1. "അപ്പോൾ ഒന്നാമത് ആ വെള്ളിസാമാനം നമ്മുടെയായിരുന്നുവോ?"

   മെത്രാൻ ഇങ്ങനെ ചോദിച്ചതിന്റെ അർത്ഥം എന്ത്?

   - അവയുടെ ഉടമസ്ഥൻ താനാണെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ട്.
   - ഭൂമിയിലെ വസ്തുക്കൾ പാവങ്ങളുടെ സ്വന്തമാണെന്ന് അദ്ദേഹം വിശ്വസിച്ചു.
   - താൻ സൂക്ഷിച്ച വസ്തുക്കളുടെ അവകാശികൾ ആരാണെന്ന് അദ്ദേഹത്തിന് അറിയില്ല.
   - പാവങ്ങളുടെ വസ്തുക്കളുടെ സൂക്ഷിപ്പുക്കാരനാണ് താനെന്ന് അദ്ദേഹം കരുതി.

2. 'ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള കയിലും കൂടി ആവശ്യമില്ല.' ഈ വാക്യത്തിൽ തെളിയുന്ന മെത്രാന്റെ സ്വഭാവ സവിശേഷത എന്ത്?

   - ലാളിത്യം
   - ദയ
   - സഹജീവി സ്നേഹം
   - പരിഗണന

3. അർത്ഥ വ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക.

ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചു കൊണ്ടുനിന്നു. ഒന്നനങ്ങുവാൻ അയാൾക്ക് ധൈര്യമുണ്ടായില്ല.

4. ഴാങ് വാൽ ഴാങിന്റെ കണ്ണുരണ്ടും മിഴിഞ്ഞുപോയി. അടിവരയിട്ട പ്രയോഗത്തിനു പകരം ചേർക്കാവുന്ന മറ്റൊരുപദം എഴുതുക?

5. മാതൃകപോലെ എഴുതുക

- വിരൽത്തുമ്പ് – വിരലിന്റെ തുമ്പ്
- വാതിൽത്തിരികുറ്റി –

## പ്രവർത്തനം II (2 മാർക്ക്)

1. മെത്രാന്റെ സ്വഭാവ സവിശേഷത വ്യക്തമാവുന്ന രണ്ട് സന്ദർഭങ്ങൾ നോവൽ (പാവങ്ങൾ) ഭാഗത്തുനിന്ന് കണ്ടെത്തുക.

◆ **ഉത്തര സൂചന**

- "ഒരു കഷണം അപ്പം പാലിൽ എടുത്ത് മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള കയിലും കൂടി ആവശ്യമില്ല" എന്നു പറയുന്ന സന്ദർഭം.
- "ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ്." എന്ന് മെത്രാൻ പറയുന്ന സന്ദർഭം.

2. ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടു നിന്നും ഈ പ്രയോഗത്തിൽ തെളിയുന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ കുറിക്കുക.

◆ **ഉത്തര സൂചന**

- ഇരുട്ടിൽ വിളറി വെളുത്തുപോയ രൂപമാറ്റവും ഭയം സൃഷ്ടിച്ച നിശ്ചലതയും
- ആത്മസംഘർഷത്തിന്റെ ചൂടും ഉപ്പ് അലിഞ്ഞു തീരുന്നതുപോലെ താനും ഇല്ലാതാകുമെന്ന തോന്നൽ സൃഷ്ടിച്ച അവസ്ഥയും.

3. "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ?" ഴാങ് വാൽ ഴാങ് ഇങ്ങനെ ചോദിക്കാൻ കാരണമെന്ത് ?

◆ **ഉത്തര സൂചന**

- ഴാങ് വാൽ ഴാങിൽ ഉയരുന്ന അവിശ്വസനീയത.
- മനുഷ്യത്വത്തെപ്പറ്റിയുള്ള തിരിച്ചറിവ്

## പ്രവർത്തനം III (4 മാർക്ക്)

1. ഴാങ് വാൽ ഴാങിന്റെ കണ്ണും രണ്ടും മിഴിഞ്ഞുപോയി.

മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി.

അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന ആശയഭംഗി വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- ഴാങ് വാൽ ഴാങിൽ ഉണ്ടാകുന്ന അവിശ്വസനീയത
- പിടിക്കപ്പെട്ടു എന്നുറപ്പിച്ച സന്ദർഭവും അപ്രതീക്ഷിതമായ മെത്രാന്റെ പ്രതികരണവും.
- അയാളിൽ പൊടുന്നനെയുണ്ടാകുന്ന കുറ്റബോധം
- ഇന്നുവരെ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത സ്നേഹവും കരുതലും.

2. "ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾ തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരികയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല." മെത്രാന്റെ വാക്കുകളിൽ തെളിയുന്ന ജീവിതദർശനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- എല്ലാവരെയും തുല്യരായി കാണുകയും എല്ലാം എല്ലാവർക്കുമായി പങ്കുവയ്ക്കുകയും ചെയ്യുന്നിടത്ത് പൂട്ടാത്ത വാതിൽ നന്മയുടെ പ്രതീകമാകുന്നു.
- വളഞ്ഞ വഴികൾക്കപ്പുറം നേർവഴികളിലൂടെ സഞ്ചരിക്കേണ്ടതിന്റെ ആവശ്യകത സ്വകാര്യസ്വത്ത് എന്ന ചിന്തയ്ക്കപ്പുറമാണ് മെത്രാന്റെ മാനവികത

- സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കുമെന്ന ദർശനം.

## പ്രവർത്തനം IV (6 മാർക്ക്)

1. "കുറ്റം പൊറുത്തുകൊടുക്കുകയാണ് കുറ്റവാളിയുടെ മനസ്സുമാറാൻ ഏറ്റവും നല്ല മാർഗം" എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'പാവങ്ങൾ' എന്ന നോവൽഭാഗം വിശകലനം ചെയ്യുക.

   (താഴെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങൾ കൂടി പ്രയോജനപ്പെടുത്തണം)

   - "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും. മറന്നു പോകരുത്."
   - "ഞാൻ നിങ്ങൾക്ക് മെഴുതിരിക്കാലുകൾ തന്നുവല്ലോ. നിങ്ങളുടെ മുള്ളുകളും കയ്ലുകളും എടുത്ത കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് അവകൂടി കൊണ്ടുപോയില്ല."

◆ **ഉത്തര സൂചന**

- ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥയോടൊപ്പം തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥയും ലോകത്തുണ്ടെന്ന് ഴാങ് വാൽ ഴാങ് മനസ്സിലാക്കുന്നു.
- ഏതൊരു വ്യക്തിയെയും തുറന്ന മനസ്സോടെ സ്വീകരിക്കാൻ കഴിയണം എന്ന സന്ദേശം മെത്രാനിലൂടെ പങ്കുവയ്ക്കുന്നു.
- ഴാങ് വാൽ ഴാങിന്റെ ജീവിതത്തിൽ ഇനി തിന്മയ്ക്ക് സ്ഥാനമുണ്ടാകരുതെന്ന് മെത്രാൻ ഓർമ്മപ്പെടുത്തുന്നു.
- മെത്രാന്റെ പ്രതികരണം ഴാങ് വാൽ ഴാങിനെ സത്യത്തിന്റെ പാതയിലേക്ക് നയിക്കുന്നു.
- ജീവിത യാത്രയിൽ സത്യം കാത്തു സൂക്ഷിക്കണമെന്ന മെത്രാന്റെ ഓർമ്മപ്പെടുത്തൽ.
- സത്യസന്ധതയുടെയും സ്നേഹത്തിന്റെയും മെഴുതിരിക്കാലുകളാൽ ജീവിതത്തിൽ പ്രകാശമുണ്ടാകുമെന്ന സൂചന.

# യൂണിറ്റ് II

# അനുഭൂതികൾ ആവിഷ്കാരങ്ങൾ

## പാഠഭാഗങ്ങൾ

1. വിശ്വരൂപം - ലളിതാംബിക അന്തർജ്ജനം
2. പ്രിയദർശനം - കുമാരനാശാൻ
3. കടൽത്തീരത്ത് - ഒ. വി. വിജയൻ

## ആമുഖം

ജീവിതത്തിന്റെ വൈവിധ്യങ്ങൾ സാഹിത്യത്തിലൂടെ ആവിഷ്കരിക്കുന്നു. എഴുത്തുകാരന്റെ സർഗ്ഗാത്മകതയുമായി ചേർന്ന് അനവദ്യസുന്ദരമായ അനുഭൂതി പകരാൻ കഴിയുന്ന രചനകൾ അനവധിയാണ്. 'അനുഭൂതികൾ ആവിഷ്കാരങ്ങൾ' എന്ന യൂണിറ്റിലൂടെ ബന്ധങ്ങളുടെ തീവ്രത വ്യക്തമാക്കുന്ന പാഠഭാഗങ്ങളാണ് അവതരിപ്പിക്കുന്നത്.

## പാഠം -1

# വിശ്വരൂപം

### ലളിതാംബിക അന്തർജനം

മലയാള കഥയുടെയും നോവലിന്റെയും വളർച്ചയിൽ മുഖ്യപങ്കുവഹിച്ച എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. വിശ്വരൂപത്തിലൂടെ ജീവിതത്തിന്റെ പൊരുത്തങ്ങളും പൊരുത്തക്കേടുകളും കൃത്യമായി വായിച്ചെടുക്കാൻ കഴിയുന്നു. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണെന്ന് വിശ്വസിക്കുന്ന മിസ്സിസ് തലത്തിന്റെ ജീവിത പരിണാമങ്ങൾ ലളിതാംബിക അന്തർജ്ജനത്തിന്റെ 'വിശരൂപം' എന്ന കഥയിൽ അവതരിപ്പിക്കുന്നു. മിസ്സിസ് തലത്ത് താഴത്ത് കുഞ്ഞിക്കുട്ടിയമ്മയായി - അമ്മയായി - പരിണമിക്കുന്ന മാതൃത്വത്തിന്റെ വിശ്വരൂപം കാട്ടിത്തരുന്ന കഥാഗതിയാണ് ഇവിടെ വ്യക്തമാകുന്നത്.

## പ്രവർത്തനം I

(1 മാർക്ക്)

1. തങ്ങൾക്കു രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയതുമായിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി. കഥാസന്ദർഭത്തിലെ സൂചന ആരെക്കുറിച്ചാണ്?

## പ്രവർത്തനം II

(2 മാർക്ക്)

1. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്ന് മിസ്സിസ് തലത്തിനെ വിശേഷിപ്പിക്കുന്നതിലെ ഔചിത്യം വ്യക്തമാക്കുക.
   - മിസ്റ്റർ തലത്തിനോടൊപ്പമുള്ള ജീവിതത്തിൽ മിസ്സിസ് തലത്തിന്റെ പെരുമാറ്റം
   - വിദേശപ്രതിനിധികളുടെ ധാരണ

## പ്രവർത്തനം III

(3 മാർക്ക്)

1. അൻപുതരു മന്യരൊടു ബന്ധമാബന്ധങ്ങൾ

   നൺപെന്ന മഹിതസൗഭാഗ്യം

   തിരുക്കുറൾ (തിരുവള്ളുവർ)

   സ്നേഹബന്ധങ്ങൾ എവിടെയൊക്കെ കാണാൻ കഴിയും?
   - വ്യക്തികൾ തമ്മിൽ
   - കുടുംബത്തിൽ
   - പ്രകൃതിയിൽ

ബന്ധങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ വരുന്നതെപ്പോൾ?

- പ്രശ്നങ്ങളുണ്ടാക്കുമ്പോൾ
- ആത്മാർത്ഥതയില്ലാതാകുമ്പോൾ
- ബന്ധങ്ങൾ അഭിനയം മാത്രമാകുമ്പോൾ

സൗഹൃദം സൗഭാഗ്യമാകുന്ന സാഹചര്യം തിരുക്കുറലിലെ വരികൾ വിശകലനം ചെയ്തു കുറിപ്പെഴുതുക.

<u>സൂചനകൾ</u>

- ബന്ധങ്ങൾ നിഷ്കളങ്കമാക്കുമ്പോൾ
- ജീവിതത്തിൽ പരസ്പരം താങ്ങാകുമ്പോൾ
- സുഖത്തിലും ദുഖത്തിലും ഒന്നിച്ചുനിൽക്കുമ്പോൾ

2. മാതൃകപോലെ എഴുതുക.

- സംഭാഷണരസികത – സംഭാഷണത്തിലെ രസികത
- ജീവിതചര്യ – ജീവിതത്തിന്റെ ചര്യ
- പൂർവ്വകാലസ്മൃതികൾ – പൂർവ്വകാലത്തിന്റെ സ്മൃതികൾ
- പൗരസ്ത്യസംസ്കാരം – പൗരസ്ത്യ ദേശത്തിന്റെ സംസ്കാരം

## പ്രവർത്തനം IV (4 മാർക്ക്)

1. കഥയിലെ പ്രയോഗങ്ങളുടെ ആശയം വ്യക്തമാക്കുക/സൂചനകൾ വ്യക്തമാക്കുക

- ഓർമ്മകളുടെ ഓളക്കുത്ത് – കഴിഞ്ഞകാലസംഭവങ്ങളുടെ ഓർമ്മകൾ ഒന്നിനു പിറകെ ഒന്നായി മനസിലേക്കെത്തുന്ന സാഹചര്യം.
- പൊട്ടിച്ചിതറിക്കൊണ്ട് – അങ്ങേയറ്റം ആത്മാർത്ഥയോടെ ഏകാന്തതയിൽ ലഭിച്ച ആശ്വാസത്തോടെ
- കട്ടിൽ കരയുന്ന ശബ്ദം – കാലപ്പഴക്കത്തിന്റെ അവസ്ഥ സൂചിപ്പിക്കുന്നു.
- ആണ്ടു മുങ്ങിയപോലെ – പൂർണ്ണമായും മുഴുകുക എന്ന സാഹചര്യം സൂചിപ്പിക്കുന്നു.

2. ചക്രവർത്തിയുടെ ജന്മമാണവൾക്ക് ആരുടെ മുന്നിലും തലകുന്നിക്കില്ല.

മിസ്സിസ് തലത്തിൽ ഇങ്ങനെ വിശേഷിപ്പിക്കാനിടയായ സാഹചര്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

<u>സൂചനകൾ</u>

- വിവാഹശേഷം മിസ്സിസ് തലത്തിന്റെ ജീവിതത്തിലുണ്ടായ മാറ്റം
- ഔദ്യോഗിക ചടങ്ങുകളിലും സ്വീകരണ ചടങ്ങുകളിലുമുള്ള പെരുമാറ്റം.
- വേഷവിധാനത്തിലും സംഭാഷണങ്ങളിലും ഔചിത്യവും രസികതയും.

3. എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു.

മിസ്സിസ് തലത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്തെഴുതുക?

സൂചനകൾ

- മിസ്സിസ് തലത്തും സുധീറും കണ്ടുമുട്ടിയപോഴുള്ള പഴയകാലഓർമ്മകൾ
- മക്കൾ ഒപ്പം കൂട്ടാത്ത സഹാചര്യം
- മക്കളുടെ യാന്ത്രികമായ പെരുമാറ്റം
- മിസ്റ്റർ തലത്തിൽ മരണം
- ഏകാന്തതയുടെ തേങ്ങൽ

3. 'വിശ്വരൂപം' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

സൂചനകൾ

- മിസ്റ്റർ തലത്തിനൊപ്പമുള്ള ജീവിതം
- കുട്ടികളോടുള്ള പെരുമാറ്റം
- താഴത്ത് കുഞ്ഞുകുട്ടിയമ്മയായി മാറിയ സാഹചര്യം
- മാതൃത്വത്തിന്റെ മഹത്വവും പ്രാധാന്യവുമെന്തെന്ന തിരിച്ചറിവ്.

4. സുധീർ എന്ന കഥാപാത്രത്തിന് കഥാഗതിയിലുള്ള സ്ഥാനം വിശദമാക്കുക.

**സൂചനകൾ**

- കഥാഗതി സുധീറിലൂടെയാണ്
- സുധീറിന്റെ ഓർമ്മകൾ
- സുധീർ ബന്ധങ്ങൾക്കു നൽകുന്ന സ്ഥാനം
- മറ്റു കഥാപാത്രങ്ങളെ ക്കുറിച്ചുള്ള സുധീറിന്റെ ചിന്തകൾ

## പ്രവർത്തനം V (6 മാർക്ക്)

1. "കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലെ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായ് ത്തീരുകയുള്ളൂ."

'വിശ്വരൂപം' എന്ന കഥയിലെ സന്ദേശവും ആധുനിക കാലസംഭവങ്ങളും വിശകലനം ചെയ്ത് 'തകരുന്ന ബന്ധങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക?

**സൂചനകൾ**

- മിസ്സിസ് തലത്തിന്റെ കുട്ടികളോടുള്ള പെരുമാറ്റം
- കുട്ടികളുടെ യാന്ത്രികമായ രീതികൾ
- താഴ്ത്തു കുഞ്ഞുക്കുട്ടിയമ്മയുടെ ഏകാന്തമായ ജീവിതം
- പുതിയ കാലത്തെ കുടുംബ ബന്ധങ്ങളുടെ തകർച്ച
- മക്കൾ അനാരോഗ്യകര സാഹചര്യങ്ങളിലേക്ക് എത്തുന്ന സാഹചര്യം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യകരമായ നിലനില്പ്.

- ആമുഖം
- പ്രധാന ആശയങ്ങളുടെ ഖണ്ഡികാകരണം
- സ്വാഭിപ്രായം
- ക്രോഡീകരണം

# പാഠം – 2

# പ്രിയദർശനം

## കുമാരനാശാൻ



മലയാളകവിതയിലെ നവോത്ഥാന ശബ്ദമായിരുന്ന കുമാരനാശാന്റെ ‘നളിനി’ എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് ‘പ്രിയദർശനം.’ ദീർഘനാളിനുശേഷം നളിനിയും ദിവാകരനും കണ്ടുമുട്ടുന്നതാണ് പാഠസന്ദർഭം. ദിവാകര ദർശനത്താൽ ജീവിതം ധന്യമായ നളിനി തന്നെ ദിവാകരന് പരിചയപ്പെടുത്തിയിട്ടും അവളുടെ വികാരപാരവശ്യങ്ങൾ ദിവാകരനിൽ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കുന്നില്ല. നളിനിയെ ഓർമ്മ വന്നെങ്കിലും തന്റെ ജീവിതലക്ഷ്യം ഈശ്വരസാക്ഷാത്ക്കാരവും സന്യാസജീവിതവുമാണെന്ന് ദിവാകരൻ പറയുന്നു.

# മാതൃകാചോദ്യങ്ങൾ

## പ്രവർത്തനം I (1 മാർക്ക്)

1. 'ചാരുശൈശവകഥയ്ക്കു തന്നെ ചേർന്നോരു

   വാക്കരുളീനാൻ കനിഞ്ഞവൻ'

   അടിവരയിട്ടിരിക്കുന്ന ഭാഗം ആരെയാണ് ഉദ്ദേശിക്കുന്നത്?

   - ദിവാകരൻ

2. അന്നുമിന്നുമൊരുപോലെ നളിനിയിൽ ദിവാകരൻ കണ്ട പ്രത്യേകത എന്ത്?

   - പ്രണയചാപല്യം

3. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

   ദിഷ്ടമീ വടിവിയന്നു വന്നുപോൽ

   അടിവരയിട്ട ശബ്ദം കാവ്യസന്ദർഭത്തിനു വരുത്തുന്ന ഭാവമെന്ത്?

   - ആശ്വാസം

## പ്രവർത്തനം II (2 മാർക്ക്)

1. 'ഭാവശാലികൾ പിരിഞ്ഞുകൂടിയലീവിധം

   വികലമാം സുഖോദയം'

   സുഖോദയം വികലമായ തെങ്ങനെ? ഒന്നോ രണ്ടോ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

   - ഏറെക്കാലം പിരിഞ്ഞതിനുശേഷം സ്നേഹമുള്ളവർ കണ്ടുമുട്ടുമ്പോൾ
   - സുഖദുഃഖ സമ്മിശ്രമായ നളിനിയുടെ മാനസികാവസ്ഥ.

2. "നീ തുനിഞ്ഞു നിജകർമ്മനീതരായ്

   യേതുമാർഗമിയലാ ശരീരികൾ!" - വരികൾ നൽകുന്ന രണ്ട് അർത്ഥ സൂചനകൾ എഴുതുക.

   - ഏതോ കാര്യത്തിനായി നളിനി തുനിഞ്ഞിറങ്ങി.
   - സ്വന്തം മാർഗം പൂർത്തിയാക്കാൻ മനുഷ്യൻ ഏതു മാർഗവും സ്വീകരിക്കും.

## പ്രവർത്തനം III

(4 മാർക്ക്)

1. 'ധീരനായ യതി നോക്കി തമ്പിതൻ

   ഭൂരിബാഷ്പ പരിപാടലം മുഖം

   പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ

   ധാരയാർന്ന പനിനീർ സുമോപമം'

   ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി വിവരിക്കുക.

   - കരഞ്ഞുതുടുത്ത നളിനിയുടെ മുഖത്തെ വർണിക്കുന്നു.
   - നളിനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ കാരണം

     (ദിവാകരൻ തന്നെ തിരിച്ചറിയാത്തത്)
   - പ്രഭാതസൂര്യൻ കടന്നു വരുമ്പോൾ പനിനീർപ്പൂ വിടരുന്നു.
   - ദിവാകരസാന്നിധ്യത്താൽ (സൂര്യൻ) നളിനിയ്ക്ക് (താമര) സന്തോഷമുണ്ടാകുന്നു.
   - ഇവിടുത്തെ സാദൃശ്യകൽപ്പന
   - കണ്ണുനീർതുള്ളി നിറഞ്ഞ് ചെമന്ന തുടുത്ത നളിനിയുടെ മുഖത്തെ പ്രഭാതത്തിലെ മഞ്ഞുതുള്ളി വീണ് കുതിർന്ന പനിനീർപ്പൂവിനോട് സാദൃശ്യപ്പെടുത്തൽ.
   - വെയിലേറ്റ് മഞ്ഞുതുള്ളി അലിയും പോലെ ദിവാകരസാമീപ്യം നളിനിയുടെ സങ്കടം ഇല്ലാതാക്കും എന്ന സൂചന
   - വരികളിലെ ദ്വിതിയാക്ഷരപ്രാസം

2. "പോയതൊക്കെയഥവാ സമുക്കയേ

   പ്രായവും സപദിമാറി കാര്യവും"

   ഈ വരികളുടെ പൊരുൾ കണ്ടെത്തി കുറിപ്പെഴുതുക.

   - വളരെ നാളിനുശേഷമുള്ള നളിനി-ദിവാകര സംഗമം.
   - തന്നെ പരിചയപ്പെടുത്തുന്ന നളിനി
   - മെല്ലെ പഴയകാര്യങ്ങൾ ഓർത്തെടുക്കുന്ന ദിവാകരൻ
   - അവളുടെ പേര്, ശബ്ദം, വീട്, പരിസരം ഓർത്തെടുക്കുന്ന ദിവാകരൻ

- ബാല്യകാലം കടന്നുപോയി എന്ന് ദിവാകരൻ നളിനിയെ ഓർമ്മിപ്പിക്കുന്നു.
- ഇപ്പോഴത്തെ പ്രായം, ജീവിത സാഹചര്യം, ലക്ഷ്യം എന്നിവ ഓർമ്മിപ്പിക്കുന്നു.
- പ്രണയത്തിന് അവസരമില്ലാത്ത സന്യാസജീവിതം
- ശരീരവും മനസ്സും ഈശ്വരനിൽ അർപ്പിച്ച ജീവിതം

3. "പ്രാണോടുമൊരുനാൾഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ"
"ധന്യയായ് സപദി കാൺകമൂലം-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"

(നളിനി-കുമാരനാശൻ)


മുകളിൽ തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് ആശാന്റെ സ്നേഹ സങ്കല്പത്തെക്കുറിച്ച് കുറിച്ചെഴുതുക. **(6 മാർക്ക്)**

- സ്നേഹഗായകനായ കവിയാണ് ആശാൻ
- സ്നേഹത്തിന്റെ മഹത്വമാണ് ആശാൻ വ്യക്തമാക്കുന്നത്
- ദിവാകരനെ ആത്മാർത്ഥമായി സ്നേഹിച്ച് കാത്തിരുന്ന നളിനി.
- സന്യാസ ജീവിതത്തിലേക്ക് പോയ ദിവാകരൻ
- തന്നെ ഓർത്തില്ലെങ്കിലും തനിക്ക് സ്നേഹത്തിന് കുറവില്ല എന്ന നളിനിയുടെ വാക്ക്
- തിരിച്ചൊന്നും പ്രതീക്ഷിക്കാത്ത നളിനിയുടെ സ്നേഹം
- സ്നേഹമാണഖിലസാരമൂഴിയിൽ എന്ന പ്രശസ്ത വരി നളിനിയിലേതാണ്.
- 'സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
  സ്നേഹത്താൽ വൃദ്ധിനേടുന്നു'
  എന്ന വരികളും നളിനിയിലേതാണ്.
- നിഷ്കളങ്കവും നിസ്വാർത്ഥവുമായ സ്നേഹമാണ് ആശാന്റെ കൃതികളുടെ സവിശേഷത.

# പാഠം – 3

# കടൽത്തീരത്ത്

## ഒ.വി വിയൻ



മലയാളകഥാലോകത്ത് പുത്തൻ ആഖ്യാനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച ഒ.വി വിജയന്റെ ഭാവതീവ്രമായ കഥയാണ് കടൽത്തീരത്ത്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കണ്ണൂർ ജയിലിൽ കഴിയുന്ന മകൻ കണ്ടുണ്ണിയെ കാണാൻ പോകുന്ന വെള്ളായിയപ്പൻ എന്ന പിതാവിന്റെ ആത്മസംഘർഷങ്ങളാണ് ഈ കഥയുടെ പ്രമേയം.

# ആശയങ്ങൾ

- പാഴുതറയിൽ നിന്ന് കണ്ണൂരിലേക്ക് യാത്രപുറപ്പെടുന്ന വെള്ളായിയപ്പൻ
- വെള്ളായിയുടെ ദുഃഖത്തിൽ പങ്കുചേരുന്ന ഗ്രാമം
- തീവണ്ടിയപ്പീസിലേക്കുള്ള യാത്രയിൽ വഴിയിൽ കണ്ടുമുട്ടുന്ന മരയ്ക്കാറും, നീലിയും
- മൗനം വാചാലമാകുന്ന സന്ദർഭങ്ങൾ
- വാക്കുകൾ, വിളികൾ, അതിൽ നിറയുന്ന സാന്ത്വനം, സൗഹൃദം, കടമ, കടപ്പാട്
- ജാതിമതചിന്തകളെ മറികടക്കുന്ന സ്നേഹബന്ധങ്ങൾ
- പുഴവെള്ളത്തിന്റെ നനവ് ഉണർത്തുന്ന ഓർമ്മകൾ
- അസ്തമയം കഥയിൽ പ്രതീകമാകുന്നു.
- കൊലക്കയറിനെപോലെ കഴുത്തിൽ മുറുകിയ സംഭാഷണങ്ങൾ, അപരിചിതരുടെ ചോദ്യങ്ങൾ പരിഹാസങ്ങൾ
- പാഴുതറയ്ക്ക് പുറത്തേക്കുള്ള വെള്ളായിയുടെ ആദ്യയാത്ര
- മകനെ കാണാനുള്ള അച്ഛന്റെ കാത്തിരിപ്പ്
- അച്ഛനും മകനും കാണുന്ന വികാരനിർഭരമായ രംഗം
- ഒരു പേറ്റിച്ചിയെ പോലെ മകന്റെ ശവം ഏറ്റുവാങ്ങുന്ന വെള്ളായിയപ്പൻ
- പൊതിച്ചോറ് ബലിച്ചോറാകുന്ന കാഴ്ച

# മാതൃകചോദ്യങ്ങൾ

## പ്രവർത്തനം I (2 മാർക്ക്)

1. 'വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്'

കുട്ട്യസ്സൻ മാപ്പിളയുടെ വാക്കുകളിൽ തെളിയുന്നതെന്ത്? രണ്ട് സൂചനകൾ എഴുതുക

- താൻ കൊടുക്കാനുള്ള പതിനഞ്ചുറുപ്പികയുടെ കടം വെള്ളായി ഓർമ്മിപ്പിക്കുന്നു. അതൊരിക്കലും വീട്ടാനാവില്ലെന്നുമയാൾക്കറിയാം.
- കടം നൽകിയവന് പടച്ചവൻ പ്രതിഫലം നൽകുമെന്ന സൂചന

## പ്രവർത്തനം II (4 മാർക്ക്)

1. കഥാപാത്രങ്ങൾക്കൊപ്പം ചില ഇമേജുകൾ, ബിംബങ്ങൾ സൂചനകൾ തുടങ്ങിയവ കടൽത്തീരത്ത് എന്ന കഥയെ ആകർഷകമാക്കുന്നു. കഥാസന്ദർഭങ്ങൾ വിശകലം ചെയ്ത് കുറിപ്പെഴുതുക.

- പൊതിച്ചോറിന് കഥയിലുള്ള സ്ഥാനം
- മകനെ അവസാനമായി കാണാൻ പോകുന്ന പ്രിയപ്പെട്ടവന് യാത്രയ്ക്കിടയിൽ കഴിക്കാൻ ഭാര്യ കൊടുത്തുവിട്ടതാണ് പൊതിച്ചോറ്.
- എന്നാൽ യാത്രയിൽ വെള്ളായിയപ്പന് അത് അഴിക്കാനോ കഴിക്കാനോ തോന്നിയില്ല.
- ചോറുപൊതി കെട്ടുംമ്പോൾ കോടച്ചി വീഴ്ത്തിയ കണ്ണുനീരിന്റെ നനവ് കഞ്ഞിനനവായി വെള്ളായിയപ്പന് അനുഭവപ്പെടുന്നു.
- മകന് നൽകാൻ കാത്തുവെച്ചെങ്കിലും ചീത്തയായതിനാൽ അതും സാധിച്ചില്ല.
- നിർഭാഗ്യവാനായ അച്ഛൻ പൊതിച്ചോറ് ഒടുവിൽ മകനുള്ള ബലിച്ചോറാക്കുന്ന കാഴ്ച. നിസ്സാഹായനായ പിതാവിന്റെ നിലവിളിയായി മാറുന്ന പൊതിച്ചോറ്.

- മരണത്തിന്റെ പ്രതീകമാകുന്ന അസ്തമയം
- പുഴവെള്ളം ഓർമ്മിപ്പിച്ച കുളികൾ
- കൊലക്കയറാകുന്ന അപരിചിതരുടെ വാക്കുകൾ
-
-

2. കഥാപാത്രനിരൂപണം തയ്യാറാക്കുക- വെള്ളായിയപ്പൻ (4 മാർക്ക്)

- മകന്റെ ശവം ഏറ്റുവാങ്ങാൻ പോകുന്ന നിസ്സഹായനായ അച്ഛൻ, അനുഭവിക്കുന്ന മാനസികസംഘർഷം
- നിരക്ഷരൻ
- ഗ്രാമത്തിന്റെ മുഴുവൻ സ്നേഹവും അയാൾക്കു ലഭിക്കുന്നു.
- മകനോടും മരിച്ചുപോയ അച്ഛനോടുമുള്ള സ്നേഹം
- മകനുവേണ്ടി പൊതിച്ചോറ് കാത്തുവയ്ക്കുന്നു.
- ഗ്രാമത്തിനു പുറത്തുള്ള യാത്ര അയാളിൽ സൃഷ്ടിച്ച അസ്വസ്ഥകൾ
- മകനെ കാണാനുള്ള കാത്തിരിപ്പ്
- മകനെ കണ്ടുമുട്ടുന്ന വികാരനിർഭരമായ നിമിഷങ്ങൾ
- മകന്റെ ശവത്തിനൊപ്പമുള്ളയാത്ര
- പേറ്റിച്ചിയെപോലെ മകന്റെ ശവം ഏറ്റുവാങ്ങുന്ന വെള്ളായിയപ്പൻ
- പൊതിച്ചോറ് ബലിച്ചോറാകുന്ന സന്ദർഭം.

3. വിഗ്രഹിക്കുക

- കടൽത്തീരത്ത് - കടലിന്റെ തീരത്ത്

- ചോറുപൊതി – ചോറിന്റെ പൊതി
- പുഴമണൽ – പുഴയിലെ മണൽ
- പനമ്പട്ടകൾ – പനയുടെ പട്ടകൾ
- നെടുവരമ്പ് – നെടുതായ വരമ്പ്

4. 'അർത്ഥപൂർണമായ മൗനങ്ങളാണ് കഥയുടെ ഭംഗി' വിലയിരുത്തി കുറിപ്പെഴുതുക.

(4 മാർക്ക്)

- മൗനം വാചലമാകുന്ന കഥാ സന്ദർഭങ്ങൾ
- തീവണ്ടിയാപ്പീസിലേക്കുള്ള യാത്രയ്ക്കിടയിൽ വെള്ളായിയും മരയ്ക്കാറും കണ്ടുമുട്ടുന്നത്.
- വെള്ളായിയും നീലിയും കണ്ടുമുട്ടുന്നത്.
- വെള്ളായിയും മകനും കണ്ടുമുട്ടുന്നത്.
- മൗനത്തിൽ നിറയുന്ന അലിവ്, സ്നേഹം, സാന്ത്വനം, കരുതൽ പ്രാർത്ഥന
-
-